34. 'കാലത്തിനു മുമ്പേ നടന്ന എഴുത്തുകാരനാണ് കാളിദാസ് പുതുമന' എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

35. യാത്രാവിവരണം എന്നതിലുപരി ഒരു മികച്ച സാഹിത്യകൃതി കൂടിയാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ' - വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College

(Pages : 4) **S – 2793**

**Reg. No. : ............................**

**Name : .................................**

**First Semester B.Com. Degree Examination, January 2024**

**First Degree Programme under CBCSS**

**Language Course II – Additional Language I – Malayalam**

**ML 1111.2 : സാഹിത്യ പഠനം I**

**(2021 Admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. 'രണ്ടാമൂഴം' എന്ന നോവലിലെ നായകകഥാപാത്രത്തിന്റെ പേരെഴുതുക.

2. 'മലയാളനോവൽസാഹിത്യചരിത്രം' രചിച്ചതാര്?

3. 'കഥ, തിരക്കഥ, സിനിമ' എന്ന കൃതിയുടെ രചയിതാവ് ആര്?

4. 'ഇതി മന്വന്തരം ശുഭം' എന്ന ശീർഷകം നാടകത്തിന് എപ്രകാരം യോജിക്കുന്നു?

5. പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച മലയാളത്തിലെ യാത്രാവിവരണഗ്രന്ഥം ഏത്?

6. 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന കൃതിയുടെ രചയിതാവ് ആര്?

7. ഇതരനാടകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തെരുവു നാടകത്തിനു കൈവരുന്ന പ്രത്യേകതയെന്ത്?

8. എസ്.കെ. പൊറ്റെക്കാട്ട് രചിച്ച ഏതെങ്കിലും ഒരു സഞ്ചാരസാഹിത്യകൃതിയുടെ പേരെഴുതുക.

P.T.O.

9. 'കാലം' എന്ന നോവൽ രചിച്ചതാര്?

10. 'സർഗം' എന്ന ചലച്ചിത്രം തിയേറ്ററിൽ പ്രദർശിപ്പിച്ചു തുടങ്ങിയ വർഷമേത്?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും **എട്ടു** ചോദ്യങ്ങൾക്ക് **അമ്പതു** വാക്കിൽ കവിയാതെ ഉത്തരം എഴുതുക.

11. നാടകവും സിനിമയും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ എന്തെല്ലാം?

12. പ്രഹസനമെന്നാലെന്ത്? വിശദമാക്കുക.

13. 'രണ്ടാമൂഴം' എന്ന നോവലിൽ എം.ടി. ഭീമനിലൂടെ അവതരിപ്പിക്കുന്ന മാനവികസമസ്യയെന്ത്?

14. ആദ്യകാല മലയാളനോവലുകളുടെ സാമാന്യസ്വഭാവത്തെക്കുറിച്ച് ലഘുവിവരണമെഴുതുക.

15. മലയാളത്തിൽ യാത്രാവിവരണത്തിന്റെ സമകാലസാധ്യതകളേവ?

16. മലയാളനോവലിന്റെ ഭാവുകത്വത്തെ ആധുനികത സ്വാധീനിച്ചതെപ്രകാരം?

17. സഞ്ചാരത്തെ സാഹിത്യാനുഭവമാക്കി മാറ്റുന്നതിൽ സഞ്ചാരസാഹിത്യകാരൻമാർ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്നു പരിശോധിക്കുക.

18. കെ.പി.എ.സി. യെന്ന നാടക സംഘത്തെക്കുറിച്ച് വിവരണമെഴുതുക.

19. മലയാളത്തിലെ സംഗീതനാടകങ്ങളെക്കുറിച്ച് ലഘുവിവരണമെഴുതുക.

20. ചലച്ചിത്രനിരൂപണം എന്നാലെന്തെന്ന് വിശദമാക്കുക.

21. കുറിപ്പെഴുതുക - സ്ത്രീനാടകവേദി.

22. 'വർത്തമാനപുസ്തക'ത്തിലെ പ്രതിപാദ്യമെന്ത്?

**(8 × 2 = 16 Marks)**



III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. തനതു നാടകവേദിയുടെ സവിശേഷതകളേവ?

24. തിരക്കഥാരചനയുടെ ഘട്ടങ്ങളേതെല്ലാമെന്ന് വിശദീകരിക്കുക.

25. 'രണ്ടാമൂഴം' എന്ന നോവലിന് ആസ്വാദനം എഴുതുക.

26. സമുദായപരിഷ്കരണം ലക്ഷ്യമാക്കി രചിച്ച നാടകങ്ങൾ ഏതെല്ലാം?

27. മലയാള തിരക്കഥാരചനയിലെ പുതിയ പ്രവണതകളേവ?

28. എം.ടി. യുടെ ഗദ്യം കാവ്യഭാഷയോടടുത്തു നിൽക്കുന്നു എന്ന അഭിപ്രായത്തിന്റെ സാധുത നിർണ്ണയിക്കുക.

29. കാളിദാസ് പുതുമനയുടെ നാടകങ്ങളുടെ പ്രത്യേകതകളേവ?

30. 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന കൃതി അനാവരണം ചെയ്യുന്ന ജീവിതസത്യമെന്ത്?

31. 'സർഗം' എന്ന സിനിമയിൽ സംഗീതം വഹിക്കുന്ന പങ്കിനെക്കുറിച്ച് ലഘുവിവരണമെഴുതുക.

**(6 × 4 = 24 Marks)**

IV. **മുന്നൂറ്** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32. മലയാളത്തിലെ നോവലുകളുടെ ഉദയവികാസ പരിണാമചരിത്രത്തെക്കുറിച്ച് ഉപന്യസിക്കുക.

33. 'സർഗം' എന്ന ചലച്ചിത്രത്തെ ജനകീയമാക്കിയ ഘടകങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുക.

St. Xavier's College